# പ്രണയം നടിച്ച് പീഡനം: യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു

കോട്ടക്കൽ: പ്രണയം നടിച്ച് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടികൊണ്ട് പോയി പീഡിപ്പിച്ചെന്ന പരാതിയിൽ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു. കൽപ്പറ്റ സ്വദേശി മുഹമ്മദ് ശരീഫി (26) നെയാണ് തിരൂർ സി ഐ. എം കെ ഷാജി അറസ്റ്റ് ചെയ്തത്. ആറ് വർഷത്തോളമായി ഒതുക്കുങ്ങലില് ബേക്കറിയില് ജോലി നോക്കുന്നതിനിടെയിലാണ് കുട്ടിയുമായി ഇയാൾ പ്രണയത്തിലായത്.

ഇയാൾക്ക് നാട്ടില് ഭാര്യയും കുട്ടിയുമുണ്ടെന്ന് പോലീസ് പറഞ്ഞു. പ്രതിയെ മലപ്പുറം കോടതിയിൽ ഹാജരാക്കി. കോട്ടക്കൽ എസ് ഐ. ആർ വിനോദ്, സിപിഒ-മാരായ നസീർ, സജു എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.